10 (1459) സാമ്പത്തിക പ്രതിസന്ധി

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിൽ അധികമായി എത്രകോടി രൂപ ആവശ്യമായി വന്നിട്ടുണ്ട്;

(സി) ജീവനക്കാരുടെ ശമ്പളയിനത്തിൽ 1998 നവംബർ മാസം എത്ര കോടി രൂപ ചെലവായി;

(ഡി) 1999 ഫ്രെബ്രുവരി മാസം എത്ര കോടിരൂപ ചെലവായി?

ഉത്തരം

(എ) സാമ്പത്തിക പ്രതിസന്ധിയില്ല.

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ പ്രതിവർഷം '904' കോടി രൂപ അധിക ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ശമ്പള പരിഷ്കരണ ഉത്തരവ് പുറത്തിറങ്ങിയത് 25.11.98 ലാണ്. അക്കൗണ്ടന്റ് ജനറലിൽ നിന്ന് താൽക്കാലിക കണക്കുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. അതിനാൽ അധികമായി ശമ്പള പരിഷ്കരണത്തിൽ എത്രകോടി രൂപ ഇതുവരെ വേണ്ടിവന്നിട്ടുണ്ട് എന്ന് അറിയുവാൻ കഴിയില്ല.

(സി)&(ഡി)കണക്കുകൾ ലഭ്യമല്ല 1998 ജൂൺ മാസം വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറലിൽനിന്ന് ലഭിച്ചിട്ടുള്ളൂ. മാത്രമല്ല എ.ജി. യുടെ കണക്കിൽ നിന്നും ഇതു കൃത്യമായി വേർതിരിച്ചെടുക്കുവാനും ബുദ്ധിമുട്ടുണ്ട്.

11 (1460) നികുതിയിതര വരുമാനം

ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-98,1998-99 എന്നീ വർഷങ്ങളിൽ വിൽപനനികുതി, മോട്ടോർ വാഹന നികുതി, എക്സൈസ് വരവ്, സ്റ്റാമ്പ് വരവ് എന്നീ ഇനങ്ങളിൽ പ്രതീക്ഷിച്ച പിരിവും യഥാർത്ഥ പിരിവും എത്ര വീതമാണ്;

(ബി) പ്രതീക്ഷിച്ച പിരിവ് കുറയാൻ കാരണമെന്താണ്;

(സി) മൃഗസംരക്ഷണം, ആരോഗ്യം, കൃഷി, വിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ നിന്ന് 1997-98, 1998-99 വർഷങ്ങളിൽ പ്രതീക്ഷിച്ച നികുതിയിതര വരുമാനം എത്ര വീതമായിരുന്നു;

(ഡി) യഥാർത്ഥത്തിൽ ലഭിച്ചതെത്രയായിരുന്നു; വനംവകുപ്പിൽനിന്ന് ഈ കാലയളവിൽ പ്രതീക്ഷിച്ച നികുതിയിതരവരുമാനമെത്ര; യഥാർത്ഥത്തിൽ ലഭിച്ചതെത്ര;

(ഇ) പ്രസ്തുത വർഷങ്ങളിൽ കേന്ദ്രത്തിൽനിന്നും ലഭിക്കുമെന്നു പ്രതീക്ഷിച്ച തുകയെത്രയായിരുന്നു; യഥാർത്ഥത്തിൽ കിട്ടിയ തുക എത്രയായിരുന്നു?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly

(എ)

ഇനം	വർഷം	പ്രതീക്ഷിച്ച പിരിവ്	യഥാർത്ഥ പിരിവ്
വില്പന നികുതി	1997-98	3276 കോടിരൂപ	3107കോടിരൂപ
	1998-99	3828 കോടിരൂപ	യഥാർത്ഥകണക്കുകൾ ഇപ്പോൾ ലഭ്യമല്ല
സ്റ്റാമ്പ് വരവ്	1997-89	345 "	206.42 കോടി രൂപ
		340 "	യഥാർത്ഥകണക്കുകൾ ഇപ്പോൾ ലഭ്യമല്ല
മോട്ടോർ വാഹന നികുതി	1997-98	343 "	301.63കോടിരൂപ
	1998-99	425 "	യഥാർത്ഥകണക്കുകൾ ഇപ്പോൾ ലഭ്യമല്ല
എക്സൈസ് വരവ്	1997-98	418.55 "	543.41 കോടിരൂപ
	1998-99	614.25 "	യഥാർത്ഥ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല

(ബി) റബ്ബറിന്റെ വിലയിടിവ്, വിപണനത്തിന്റെ മാന്ദ്യം, കെട്ടിട നിർമ്മാണ മേഖലയിലെ മുരടിപ്പ് മോട്ടോർ വാഹനങ്ങൾ മറ്റു ഉപഭോഗ വസ്തുക്കൾ എന്നിവയുടെ വില്പനക്കുറവ് തുടങ്ങിയ കാരണങ്ങളാൽ ലക്ഷ്യ മിട്ട തുക മുഴുവനായും പിരിച്ചെടുക്കാനായില്ല. ആധാരങ്ങളുടെ രജിസ്ട്രേ ഷൻ കുറവുമൂലം സ്റ്റാമ്പ് വരുമാനവും കുറയാനിടയായിട്ടുണ്ട്. മോട്ടോർ വാഹനനികുതിയും നടപ്പുവർഷം ആനുപാതികമായി കുറച്ചുമാത്രമേ ലഭിച്ചു ള്ളൂ. കൂടാതെ സ്വകാര്യ വാഹനങ്ങളുടെയും ഉയർന്ന നികുതിനിരക്കുകളുള്ള ട്രാൻസ്പോർട്ട് വാഹനങ്ങളുടെയും രജിസ്ട്രേഷൻ നടപ്പുവർഷം ക്രമാതീത മായി കുറഞ്ഞതും ട്രാൻസ്പോർട്ട് വാഹനവ്യവസായത്തിൽ അനുഭവപ്പെട്ട മാന്ദ്യം കാരണം നിലവിലുള്ള വാഹനങ്ങൾ ഓപ്പറേറ്റു ചെയ്യാത്തതും മോട്ടോർ വാഹനനികുതി, വരുമാനത്തെ സാരമായി ബാധിച്ചു.

(സി)

	ഇനം	1997-98 പ്രതീക്ഷിച്ച വരുമാനം	1997-98 യഥാർത്ഥ വരുമാനം	1998-99 പ്രതീക്ഷിച്ച വരുമാനം	1998-99 യഥാർത്ഥ വരുമാനം
	മൃഗസംരക്ഷണം	4.52	5.02	5.83	കൃത്യമായ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല
(ഡി)	ആരോഗ്യം	26.19	21.94	34.23	"
	കൃഷി	17.84	15.52	22.98	"
	വിദ്യാഭ്യാസം	34.00	30.48	44.29	"
	വനം	130.00	144.91	135.00	"

145/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1997-98 ൽ പ്രതീക്ഷിച്ച തുക 2,279.03 കോടി രൂപയും ലഭിച്ചത് 2,065.05 കോടി രൂപയുമായിരുന്നു.

1998-99-ൽ പ്രതീക്ഷിച്ച തുക 2,603.42 കോടി രൂപയാണ് ലഭിച്ച തുകയുടെ കൃത്യമായ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

12 (1461) സംസ്ഥാനത്തിന്റെ മുതലെടുപ്പ്

ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-96-ൽ സംസ്ഥാനത്തിന്റെ മുതലെടുപ്പ് എത്രയായിരുന്നു;

(ബി) സർക്കാരിന്റെ അന്നത്തെ കടം എത്ര രൂപയായിരുന്നു;

(സി) അന്ന് മുതലെടുപ്പിന്റെ എത്ര ശതമാനമായിരുന്നു;

(ഡി) 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ ഓരോന്നിലും ഗവൺമെന്റിന്റെ മുതലെടുപ്പ്. കടം എന്നിവ എത്ര വീതമായിരുന്നെന്നും മുത ലെടുപ്പിന്റെ എത്ര ശതമാനമാണ് വായ്പ കൊടുത്തിരുന്നതെന്നും എത്ര ശത മാനമാണ് പലിശ നൽകിയിരുന്നതെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) 5423.56 കോടി രൂപ

(ബി) 10668.95 കോടി രൂപ

(സി) 17.04%

(ഡി) പ്രസ്തുത വർഷങ്ങളിലെ വിശദാംശങ്ങൾ താഴെക്കാണിച്ചിരി ക്കുന്ന പ്രകാരമാണ്.

വർഷം	മുതലെടുപ്പ് (കോടിരൂപ)	കടം (കോടിരൂപ)
1996-97	6145.08	1695.30
1997-98	7118.21	2107.63
1998-99	കണക്കുകൾ ലഭിച്ചിട്ടില്ല.	

സർക്കാർ നൽകുന്ന വായ്പയും, പലിശയിനത്തിലുള്ള ചെലവും സഞ്ചിതനിധിയിൽ നിന്നാണു വഹിക്കാറുള്ളത്. അതുകൊണ്ട് വായ്പ നൽകു ന്നതും പലിശയിനത്തിലുള്ള ചെലവും മുതലെടുപ്പിന്റെ ശതമാനമായി കണ ക്കുകൂടാറില്ല.

13 (1462) സംസ്ഥാനങ്ങൾ തമ്മിൽ പണമിടപാട്

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ മറ്റേതൊക്കെ സംസ്ഥാന സർക്കാരുമാ യാണ് പണം കൊടുക്കൽ, വാങ്ങൽ നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly